File No.SJD/742/2021-E6

Break the chain

15 YEARS OF CELEBRATING THE MAHATMA

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 15/02/2021
Email-swdkerala@gmail.com
Phone -0471-2306040

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് - ഓഫീസ് അറ്റൻഡ്/ വാച്ച് മാൻ/വാച്ച് വുമൺ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി കാര്യാലയമേധാവി വഴി ജീവനക്കാരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നത് - നിർദ്ദേശം സംബന്ധിച്ച്.

സൂചന:- 1) സ.ഉ (പി) നം. 10/2019/സാനീവ തീയതി 21/10/2019.

2) സ.ഉ.(കൈ) നം.37/2020/സാനീവ തീയതി, തിരുവനന്തപുരം 28.12.2020.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു.സൂചന പ്രകാരം സാമൂഹ്യനീതി /വനിത ശിശു വികസന വകുപ്പ് പുന സംഘടനയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പുനർ വിന്യാസം, നിയമനം എന്നിവയ്ക്കായി വ്യവസ്ഥകൾ നിർണ്ണയിച്ച് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇരു വകുപ്പുകളിലേയ്ക്കും പുനർവിന്യസിക്കപ്പെടുന്നതിനായി വിവിധ തസ്തികകൾക്ക് ഓപ് ഷൻ സൗകര്യം അനുവദിച്ചിരുന്നു. അതിൻ പ്രകാരം വാച്ച് മാൻ /വാച്ചുമൺ തസ്തികയിലെ ജീവനക്കാർ ഒഴികെ മറ്റുള്ള തസ്തികകളിലെ ഓപ് ഷന്റെ അടിസ്ഥാനത്തിൽ പുനർ വിന്യസിക്കുകയും പ്രസ്തുത വിഭാഗം ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

വനിത ശിശു വികസന വകുപ്പ് രൂപീകരണത്തിനുമുമ്പ് സാമൂഹ്യനീതി വകുപ്പിൽ 380 ഓഫീസ് അറ്റൻഡന്റ് തസ്തികകകളും 78 വാച്ച് മാൻ തസ്തികകകളും 11 വാച്ച് വുമൺ തസ്തികകളുമാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകളിൽ വാച്ച്മാന്റെ സേവനം നിലവിൽ ആവശ്യമില്ലാത്തതിനാൽ പ്രസ്തുത കാര്യാലയങ്ങളിലെ വാച്ച്മാൻ തസ്തികകളെ ഓഫീസ് അറ്റൻഡന്റ് തസ്തികകളായി മാറ്റിയാണ് ഇരുവകുപ്പുകളിലേയും കേഡർ സ്ട്രെങ്ത് നിർണ്ണയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനെ തുടർന്ന് കുറവുവന്ന വാച്ച്മാൻ തസ്തികകൾ ഓഫീസ് അറ്റൻഡ് തസ്തികകൾ ആയും, വാച്ച് വുമൺ തസ്തികളുമായി മാറ്റുന്നതിന് ജീവനക്കാരിൽനിന്ന് ഓപ് ഷൻ സ്വീകരിക്കുകയും സർക്കാറിലേക്ക് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിത (2) സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റവും പുനർ വിന്യാസവും അന്തർ ജില്ലാ സ്ഥലം മാറ്റവും അനുവദിച്ച് സർക്കാർ സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിലെ അറ്റൻഡ്/ വാച്ച് മാൻ/വാച്ച് വുമൺ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി ജീവനക്കാരുടെ വിശദാംശങ്ങൾ ഈ സർക്കുലറിലെ തീയതി മുതൽ 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട കാര്യാലയമേധാവികൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യ്തിട്ടുള്ള പെർഫോമയിൽ swdkerala@gamail.com എന്ന വകുപ്പിന്റെ ഇ മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

1) എല്ലാ ബന്ധപ്പെട്ട ജീവനക്കാർക്കും. (കാര്യാലയമേധാവി മുഖേന).

2) എല്ലാ കീഴ്ക്കാര്യാലയ കാര്യാലയമേധാവികൾക്കും.

3) സൂപ്രണ്ട് എഫ് സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്).

4) സ്റ്റോക്ക് ഫയൽ.

**ജി.ഒ (പി) നം.10/2019/സാനീവ തീയതി 21/10/2019 പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെങ്ത് പ്രകാരം ഓഫീസ് അറ്റൻഡ്/ വാച്ച് മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരെ സ.ഉ.(കൈ) നം.37/2020/സാനീവ തീയതി, 28.12.2020. പ്രകാരം പുനർ വിന്യസിച്ച ശേഷം 19/01/2021 തീയതി പ്രാബല്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിലവിൽ വന്ന ഓഫീസ് അറ്റൻഡ്/ വാച്ച് മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ വിശദാംശങ്ങൾ.**

| ക്രമ നം. | പേര് തസ്തിക, Pen നം. | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | പി.എസ്.സി അഡ്വൈസ് നമ്പരും തീയതിയും/ നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതിയും, ഉത്തരവ് നമ്പരും | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| | | | | | | | | |